ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുതന്നെ നഷ്ടത്തിലും പ്രയാസത്തിലുമാണ്. അതുകൊണ്ട് ഇതിന്റെ സാദ്ധ്യതകളും പൂർണ്ണമായി പരിശോധിച്ചതിനുശേഷം മാത്രമേ മറ്റ് സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുള്ളൂ.

മലയോരപ്രദേശങ്ങളിൽ കൃഷിക്കാർക്ക് പട്ടയം

* 556 [604] ശ്രീ. കെ. ടി. കുമാരൻ:
,, ഇ. കെ. പിള്ള:
,, വി. കെ. രാജൻ:
,, സി. എ. കുര്യൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കെ. പി. പ്രഭാകരൻ:
,, കെ. ടി. കണാരൻ:
,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോരപ്രദേശങ്ങളിലെ പതിനായിരക്കണക്കിനു കൃഷിക്കാർക്ക് പട്ടയം കൊടുക്കാത്തതുമൂലം അവരനുഭവിക്കുന്ന ബുദ്ധിമുട്ട് ഗവൺമെന്റ് മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പട്ടയം കൊടുത്തു തീർക്കാൻ കഴിയാതെ വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) പതിവുഭൂമിക്ക് കക്ഷികളുടെ നിയമാനുസൃതം ഒടുക്കേണ്ട തുക അടയ്ക്കാൻ വൈകുന്നതു യഥാസമയം പട്ടയവിതരണം പൂർത്തിയാക്കാൻ കഴിയാത്തതിന്റെ ഒരു കാരണമാണ്. നയപരവും സാങ്കേതികവുമായ മറ്റ് കാരണങ്ങളുമുണ്ട്. 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമമനുസരിച്ച് റിസർവ് വനങ്ങളിൽനിന്നും വനേതരാവശ്യങ്ങൾക്ക് ഭൂമി വിട്ടുകൊടുക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിരിക്കുന്നതിനാൽ കുത്തകപ്പാട്ട വ്യവസ്ഥയിലും അനധികൃത പ്രവേശനത്തിലുമായി വനഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് ഭൂമി പതിച്ചു പട്ടയം കൊടുക്കാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. ഇ. കെ. പിള്ള: കക്ഷികളും പണം അടച്ചിട്ടും പട്ടയം കൊടുക്കാത്ത ആയിരക്കണക്കിന് കേസുകളും ഉണ്ടെന്നുള്ള വസ്തുത റവന്യൂമന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അങ്ങനെയുള്ള കേസുകളും ഉണ്ട്. നിയമപരവും നയപരവും സാങ്കേതികവുമായ ചില തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടെന്നുള്ളതുകൊണ്ടാണ് അങ്ങനെ കൊടുക്കാൻ സാധിക്കാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. പിള്ള: ഏത് കാരണവശാലായാലും പത്തും പതിനഞ്ചും വർഷമായി കൈവശം ഇരിക്കുന്ന ഭൂമിക്കു പട്ടയം കൊടുക്കുന്നില്ലെന്നുള്ള വസ്തുത മനസ്സിലാക്കിക്കൊണ്ട് എത്രയുംവേഗം പട്ടയം കൊടുക്കുമെന്ന് പല പ്രാവശ്യം പറഞ്ഞിട്ടും കൊടുക്കാത്ത മലയോര കർഷക സംഘം നാളെ മുതൽ ഇടുക്കി ജില്ലയിൽ സത്യാഗ്രഹം ആരംഭിക്കുന്ന വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് ഒഴിവാക്കാൻ നടപടികളും എടുത്തിട്ടുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ബഹുമാനപ്പെട്ട അംഗംതന്നെ അത് ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ഈ പ്രശ്നത്തിൻമേൽ നടപടികളും എടുക്കുന്ന കാര്യത്തിൽ നയപരവും സാങ്കേതികവും നിയമപരവുമായ തടസ്സങ്ങളും ഉണ്ട്. അതിനെസംബന്ധിച്ച് തീരുമാനം എടുക്കേണ്ടതുണ്ട്. അതുപോലെതന്നെ മറ്റ് പ്രശ്നങ്ങളും പരിഹരിക്കാൻ ആവശ്യമായ എല്ലാ പരിശോധനകളും നടത്തിക്കൊണ്ട് വളരെ വേഗത്തിൽ ഈ പ്രശ്നം പരിഹരിക്കണമെന്നാണ് ഗവൺമെൻറ് കരുതുന്നത്.

ശ്രീ. വി. കെ. രാജൻ: മലയോര കർഷകർക്കു പട്ടയം കൊടുക്കുമെന്നുള്ള പ്രഖ്യാപനം നമ്മുടെ സംസ്ഥാനത്ത് കുറെയേറെ കാലമായി മാറി മാറി വരുന്ന മന്ത്രിമാരെല്ലാം നടത്തിയിട്ടുള്ളതാണ്. പട്ടയം കൊടുക്കുന്ന നടപടി ഒരു സമയ ബന്ധിത പരിപാടിയുടെ അടിസ്ഥാനത്തിൽ എത്രയും വേഗം കൊടുക്കുന്നതിന് വല്ല പരിപാടിയും ആവിഷ്ക്കരിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അതാണ് ഞാൻ നേരത്തെ പറഞ്ഞത്. ഉദാഹരണത്തിന് ഉടുമ്പൻചോല താലൂക്ക് മുഴുവൻ ഏലക്കൃഷിക്കുവേണ്ടി ഉള്ളതാണെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഏലക്കൃഷി ചെയ്യുന്ന സ്ഥലം മറ്റ് കൃഷികൾക്കുവേണ്ടി ഉപയോഗപ്പെടുത്തിക്കൂടാ. ദേവികുളം, പീരുമേട് തുടങ്ങിയ താലൂക്കുകളിൽ 5 വില്ലേജുകളും ഇതുപോലെയുണ്ട്. ഇതുപോലെ സാങ്കേതികമായ തടസ്സങ്ങളും ഉണ്ട്. നയപരവും നിയമപരവുമായി തീരുമാനമെടുക്കേണ്ട പ്രശ്നമാണ് ഇത്. ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ ഗവൺമെൻറ് വളരെവേഗം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മാർച്ച് മാസത്തിനുള്ളിൽ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കണമെന്നാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. സി. എ. കുര്യൻ: നയപരവും സാങ്കേതികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇനിയും എത്ര സമയം വേണ്ടിവരുമെന്നു പറയാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അതിന് കൃത്യമായ മറുപടി പറയാൻ സാധിക്കുകയില്ല. ഈ വരുന്ന മാർച്ച് മാസത്തിനുള്ളിൽ ഇങ്ങനെയുള്ള കേസുകൾക്കു മുഴുവനും പരിഹാരം ഉണ്ടാക്കണമെന്നുള്ള അടിസ്ഥാനത്തിൽ അതിനുവേണ്ടി ഗവൺമെൻറ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. എ. കുര്യൻ: കേരള സംസ്ഥാനത്തിൻെറ 25-ാം പിറവി ആഘോഷിക്കുന്ന നവമ്പർ മാസത്തിൽ ഈ പട്ടയം കൊടുക്കുമെന്ന് നേരത്തെ പ്രഖ്യാപിച്ചിരുന്നു. അതിന് ഇനി ഏതാനും മാസങ്ങളേ ഉള്ളൂ. ഇവർക്കു പട്ടയം കൊടുക്കാനുള്ള നടപടികൾ വളരെ കർശനമായി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: പുതിയ വനംനിയമംതന്നെ ഇപ്പോഴത്തെ സ്ഥിതിമാറ്റുന്നതിനുള്ള കാര്യമാണ്. ബഹുമാനപ്പെട്ട വനം മന്ത്രി അടുത്ത ദിവസംതന്നെ പ്രഖ്യാപിച്ചു ഈ കാര്യങ്ങളും ത്വരിതമാക്കാനുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്ന്. വനപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളവും നാട്ടിൻപുറങ്ങളെ സംബന്ധിച്ചിടത്തോളവും പട്ടയം കൊടുക്കേണ്ട കാര്യത്തിൽ വളരെ വേഗം കൊടുക്കാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പഞ്ചായത്തതിർത്തിയിൽനിന്ന് ഈടാക്കുന്ന തൊഴിൽക്കരം മുനിസിപ്പൽ അതിർത്തിയിലേതിനു തുല്യമാക്കാൻ നടപടി

* 557 [606] ശ്രീ. എ. വി. അബ്ദു റഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തതൃത്തിയിൽ ജോലിചെയ്യുന്ന ജീവനക്കാർ വളരെ കൂടുതൽ തൊഴിൽക്കരം നൽകുമ്പോൾ മുനിസിപ്പൽ കോർപ്പറേഷൻ അതിർത്തിയിൽ ജോലി ചെയ്യുന്നവർ കൊടുക്കേണ്ട തൊഴിൽക്കരം താരതമ്യേന കുറവാണെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പഞ്ചായത്തതൃത്തിയിൽനിന്ന് ഈടാക്കുന്ന തൊഴിൽക്കരം മുനിസിപ്പൽ അതിർത്തിയിലേതിന് തുല്യമാക്കാൻ നടപടി സ്വീകരിക്കാമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ആർ. എസ്. ഉണ്ണി):

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

മൽസ്യത്തൊഴിലാളി ഗ്രാമ സംഘങ്ങൾ

* 558 [607] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, വി. വി. ജോസഫ് (കുണ്ടറ):
,, എസ്. ഗോവിന്ദക്കുറുപ്പ്:
,, എം. കെ. കണ്ണൻ:
ശ്രീമതി പി. ദേവൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനൃവും മൽസ്യബന്ധനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളി ഗ്രാമ സംഘങ്ങളിലൂടെ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം?

(ബി) അവർക്കു പ്രവർത്തനത്തിനുവേണ്ടിയുള്ള ഫണ്ട് സ്വരൂപിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പദ്ധതി എന്തെന്നു വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly